LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ടി നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾക്കുംകൂടി ബാധകമാക്കി 31-8-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിരുന്നു. രണ്ടാം വ്യാപനത്തെത്തുടർന്നുള്ള മൊറട്ടോറിയം സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും നിർദ്ദേശങ്ങളൊന്നുംതന്നെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നപക്ഷം മൊറട്ടോറിയം നടപ്പിലാക്കുമ്പോൾ ഇടപാടുകാർക്ക് ന്യായമായ ഇളവുകൾ ലഭിക്കുന്നതാണ്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പിലാക്കിവരുന്ന നവകേരളീയം കുടിശ്ശിക നിവാരണം 2021 പദ്ധതിയുടെ കാലാവധി 31-8-2021 വരെ ദീർഘിപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സംസ്ഥാന സഹകരണ ബാങ്കിന് അനുവാദം നൽകി ഉപനിബന്ധന അംഗീകരിച്ചുനൽകിയിട്ടുണ്ട്. അംഗീകരിച്ച് നൽകിയ ഉപനിബന്ധനയിൽ വായ്പക്കാരൻ മരണപ്പെട്ട വായ്പകൾ, ഗുരുതരരോഗം ബാധിച്ചും അപകടങ്ങളിൽപ്പെട്ടും ശയ്യാവലംബരായി വായ്പാ തിരിച്ചടവ് മുടങ്ങിയവർ, നിരാലംബർ, മാതാപിതാക്കളുടെ മരണംമൂലം അവരെടുത്ത വായ്പകൾ തങ്ങളുടെ ബാദ്ധ്യത ആയവർക്കും ഇളവുകൾ നൽകുന്നതിന് പ്രത്യകം വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) എങ്കിൽ കൂട്ടുപലിശ പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽവരുന്ന സഹകരണ ബാങ്കുകളിൽ കുടിശ്ശികയാകുന്ന വായ്പകളിൽ കൂട്ടുപലിശ ഈടാക്കുന്നത് RBI വ്യവസ്ഥകൾക്ക് വിധേയമായാണ്.

സഹകരണ സംഘങ്ങളുടെ പ്രവർത്തനം

210(480) ശ്രീ. കെ. ആൻസലൻ :
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. മമ്മിക്കുട്ടി :
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിലേയ്ക്ക് യുവജനതയെ ആകർഷിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ നിക്ഷേപ സമാഹരണ പരിപാടി തുടർന്നുകൊണ്ടുപോകുന്നതിന് ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വായ്പാ മേഖലയിലെ നിക്ഷേപത്തോത് വർദ്ധിപ്പിക്കുക, യുവതലമുറയെ സഹകരണ പ്രസ്ഥാനങ്ങളിലേയ്ക്ക് കൂടുതലായി ആകർഷിക്കുക, കേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ 2021 ഫെബ്രുവരി 1 മുതൽ 2021 മാർച്ച് 31 വരെ നിക്ഷേപ സമാഹരണ പരിപാടി നടത്തുകയുണ്ടായി. ആയത് പൂർണ്ണ വിജയമായിരുന്നു. യുവജനങ്ങളെ കൂടുതലായി സഹകരണ സംഘങ്ങളിലെ അംഗങ്ങളാക്കുന്നതിലേയ്ക്കായി സംഘംതല അംഗത്വ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനും ടി ക്യാമ്പയിനിലൂടെ കേരള ബാങ്കിന്റെ ആഭിമുഖ്യത്തിൽ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ആധുനിക ബാങ്കിംഗ് സംവിധാനങ്ങളെകുറിച്ചും, സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ചും, സാമ്പത്തിക മേഖലയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടലിനെ സംബന്ധിച്ചും യുവജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതും ഇതിനുപുറമേ യുവജനങ്ങളെ ആകർഷിക്കുന്ന വിധത്തിൽ സഹകരണ മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ കൂടുതൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വാർഷിക പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഓഹരി മൂലധനം, പ്രവർത്തന മൂലധനം, ബിൽഡിംഗ് മെയിന്റനൻസ് ഗ്രാന്റ്, മാനേജീരിയിൽ സബ്സിഡി, റിവൈവൽ സ്കീം, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, സ്പെഷ്യൽ റിവൈവൽ സ്കീം എന്നീ പദ്ധതികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പുനരുദ്ധാരണത്തിന് ഭരണപരവും വികസനോന്മുഖവുമായ പദ്ധതികൾ നടപ്പാക്കുന്നതിനും എസ്.സി/എസ്.റ്റി ഫെഡറേഷന്റെ കീഴിലുള്ള യൂണിറ്റുകളുടെ വികസനത്തിനും ധനസഹായം അനുവദിക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പോഷക - ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനായുള്ള സമഗ്ര/ആരോഗ്യ സംരക്ഷണ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും ധനസഹായം അനുവദിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര വികസനത്തിനും

പുനരുദ്ധാരണത്തിനുമായി പുനർജ്ജനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായവും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വനിതാ ശാക്തീകരണത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ദുർബല വനിതാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും അതുവഴി വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിത്യവരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതത പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായമായ പ്രോജക്കുകൾക്ക് അവയുടെ പ്രായോഗികത, വിജയസാധ്യത, പ്രവർത്തന ലാഭം എന്നിവ വിലയിരുത്തി ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ വനിതാ സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായി ധനസഹായം അനുവദിച്ചുവരുന്നു. വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി പരമാവധി 2 ലക്ഷം രൂപ വരെയും പ്രവർത്തന മൂലധനമായി 5 ലക്ഷം രൂപ വരെയും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വനിതാ സഹകരണ സംഘങ്ങൾക്ക് വാർഷിക പദ്ധതി 2020-21 പ്രകാരം സബ്സിഡി ഇനത്തിൽ 180 ലക്ഷം രൂപയും ഓഹരിയിനത്തിൽ 180 ലക്ഷം രൂപയും വകയിരുത്തുകയും സബ്സിഡി ഇനത്തിൽ 180 ലക്ഷം രൂപയും ഓഹരിയിനത്തിൽ 93.25 ലക്ഷം രൂപയും അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള ധനസഹായമെന്ന സ്കീമിൽ ഉൾപ്പെടുത്തി സബ്സിഡി ഇനത്തിൽ 150 ലക്ഷം രൂപയും ഓഹരിയിനത്തിൽ 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സഹകരണ മേഖലയിലെ ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

211(481) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly